REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-10-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഇന്ത്യ മൊബൈൽ കോൺഗ്രസും, ടെലികോം മേഖലയിലെ രാജ്യത്തിന്റെ മികവും ആത്മനിർഭർ ഭാരത് കാഴ്ചപ്പാടിന്റെ ശക്തിയാണ് പ്രതിഫലിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **വ്യോമസേനാ ദിനത്തിൽ സേനാംഗങ്ങൾക്കും കുടുംബങ്ങൾക്കും രാഷ്ട്രപതി ദ്രൗപതി മുർമു ആശംസകൾ നേർന്നു.**
- **നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം അതിരുവിട്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **സംസ്ഥാനത്തെ 70 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് 2,403 കോടിയിൽപ്പരം രൂപ അനുവദിച്ചതായി മന്ത്രി P.A മുഹമ്മദ് റിയാസ്.**
- **ഭൂട്ടാനിൽ നിന്ന് ആഡംബര വാഹനങ്ങൾ വാങ്ങിയ സിനിമാ താരങ്ങളുടെ വീടുകൾ അടക്കം 17 സ്ഥലങ്ങളിൽ എൻഫോഴ്സ്മെന്റ് വകുപ്പിന്റെ പരിശോധന തുടരുന്നു**

## വാർത്തകൾ വിശദമായി

ഇന്ത്യ മൊബൈൽ കോൺഗ്രസും, ടെലികോം മേഖലയിലെ രാജ്യത്തിന്റെ മികവും ആത്മനിർഭർ ഭാരത് കാഴ്ചപ്പാടിന്റെ ശക്തിയാണ് പ്രതിഫലിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഒരുകാലത്ത് 2-G സാങ്കേതികവിദ്യ മാത്രമുണ്ടായിരുന്ന രാജ്യത്ത് ഇന്ന് മിക്കയിടത്തും 5-G ലഭ്യമായിക്കഴിഞ്ഞുവെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു.

4-G  സാങ്കേതിക സംവിധാനം രാജ്യത്തിന് സ്വന്തമായി വികസിപ്പിക്കാൻ കഴിഞ്ഞു.  ലോകത്ത് അഞ്ച് രാജ്യങ്ങൾക്ക് മാത്രമാണ് ഈ സാങ്കേതികവിദ്യ വികസിപ്പിക്കാൻ കഴിഞ്ഞിരിക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. ഡൽഹിയിലെ യശോ ഭൂമി കൺവെൻഷൻ സെന്ററിൽ ഇന്ത്യ മൊബൈൽ കോൺഗ്രസ് 2025  ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

ഏഷ്യയിലെ ഏറ്റവും പ്രധാനപ്പെട്ട ടെലികോം-സാങ്കേതിക  സമ്മേളനമായ ഇന്ത്യ മൊബൈൽ കോൺഗ്രസിൽ ആഗോള ടെലികോം കമ്പനികൾ, സംരംഭകർ, നയരൂപകർത്താക്കൾ എന്നിവർ പങ്കെടുക്കും. നാല് ദിവസത്തെ പരിപാടി യശോ ഭൂമി കൺവെൻഷൻ സെന്ററിലാണ് സംഘടിപ്പിക്കുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നും, നാളെയും മഹാരാഷ്ട്ര സന്ദർശിക്കും. നവിമുംബൈയിൽ പുതുതായി നിർമ്മിക്കുന്ന രാജ്യാന്തര വിമാനത്താവളത്തിന്റെ ആദ്യഘട്ടം അദ്ദേഹം നാടിന് സമർപ്പിക്കും. 19,650 കോടി രൂപ ചെലവിലാണ് ഇന്ത്യയിലെ ഏറ്റവും വലിയ ഗ്രീൻഫീൽഡ് വിമാനത്താവളം നിർമ്മിക്കുന്നത്. 37,270 കോടി രൂപയുടെ മുംബൈ മെട്രോലൈൻ -3 ഉം പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിക്കും. മുംബൈയിലെ പൂർത്തീകരിച്ച നിരവധി പദ്ധതികളും അദ്ദേഹം ഉദ്ഘാടനം ചെയ്യും.

നാളെ UK പ്രധാനമന്ത്രി കെയർ സ്റ്റാമറുമായി നരേന്ദ്രമോദി മുംബൈയിൽ കൂടിക്കാഴ്ചയും നടത്തും. കെയർ സ്റ്റാമർ  ആദ്യ ഔദ്യോഗിക സന്ദർശനത്തിന് ഇന്നാണ് ഇന്ത്യയിലെത്തുന്നത്.

✪✪✪

ഇന്ന് ദേശീയ വ്യോമസേന ദിനം. 1932 ഒക്ടോബർ 8-ന് ബ്രിട്ടീഷ് സൈന്യത്തിന്റെ സഹായ സേനയായി വ്യോമസേന സ്ഥാപിതമായതിനെ അനുസ്മരിച്ചാണ് ദിനാചരണം. രാഷ്ട്രപതി ദ്രൗപതി മുർമു 93-ാം വ്യോമസേനാ വാർഷികാഘോഷങ്ങളിൽ ഡൽഹിയിൽ പങ്കെടുക്കും.

വ്യോമസേനാ ദിനത്തിൽ എല്ലാ വ്യോമസേനാ യോദ്ധാക്കൾക്കും, വിമുക്തഭടന്മാർക്കും, അവരുടെ കുടുംബങ്ങൾക്കും രാഷ്ട്രപതി ദ്രൗപതി മുർമു ആശംസ നേർന്നു. ദുരന്തങ്ങളിലും മാനുഷിക ദൗത്യങ്ങളിലും വ്യോമസേനാ യോദ്ധാക്കൾ ആകാശത്തെ സംരക്ഷിക്കുകയും, സമർപ്പണത്തോടെ രാഷ്ട്രത്തെ സേവിക്കുകയും ചെയ്യുന്നുണ്ട്. ഭാവിയിലെ എല്ലാ ശ്രമങ്ങളിലും വിജയം കൈവരിക്കാൻ ഇന്ത്യൻ വ്യോമസേനയ്ക്ക് കഴിയട്ടെ എന്നും രാഷ്ട്രപതി  ആശംസിച്ചു.

ഉപരാഷ്ട്രപതി C.P.രാധാകൃഷ്ണനനും ആശംസ നേർന്നു. ഓപ്പറേഷൻ സിന്ദൂറും മറ്റ് ദൗത്യങ്ങളും ഇന്ത്യൻ വ്യോമസേനയുടെ വിലമതിക്കാനാവാത്ത സംഭാവനയുടെ തെളിവാണെന്നും ഉപരാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

93-ാമത് ദേശീയ വ്യോമസേന ദിനത്തിൽ സേനാംഗങ്ങൾക്ക് ആഭ്യന്തരമന്ത്രി അമിത്ഷാ ആശംസ നേർന്നു. ധൈര്യം, അച്ചടക്കം, ദേശസ്നേഹം എന്നിവകൊണ്ട് സമ്പന്നമായ വ്യോമസേനയിലെ ഉദ്യോഗസ്ഥർ, രാജ്യത്തിന്റെ ആകാശ കാവൽക്കാരാണെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ദേശീയസുരക്ഷയുടെ ഉത്തരവാദിത്വം ഏറ്റെടുത്തും, പ്രകൃതിദുരന്തങ്ങളിൽ അചഞ്ചലമായ പിന്തുണ നൽകിയും അഭിമാനമുണർത്തുന്നവരാണ് വ്യോമസേനാംഗങ്ങളെന്ന് ആശംസാ സന്ദേശത്തിൽ അമിത്ഷാ അറിയിച്ചു. രാജ്യസേവനത്തിനിടയിൽ ജീവൻ ബലിയർപ്പിച്ച സേനാംഗങ്ങൾക്ക് അമിത്ഷാ ആദരാഞ്ജലിയർപ്പിച്ചു.

രാജ്യത്തെ സംരക്ഷിക്കുന്നതിൽ പ്രതിബദ്ധത പുലർത്തുന്ന സൈനികരെ അഭിവാദ്യം ചെയ്യുന്നതായി കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയും പറഞ്ഞു. വ്യോമസേനാംഗങ്ങളുടെ ധൈര്യം, സമർപ്പണം എന്നിവ രാജ്യത്തിന്റെ പരമാധികാരവും, ബഹുമാനവും സംരക്ഷിക്കുന്നതിലെ സന്നദ്ധത എന്നിവയെ ഗഡ്കരി പ്രശംസിച്ചു.

✪✪✪

ഓപ്പറേഷൻ സിന്ദൂർ ദൗത്യത്തിൽ വ്യോമസേന അസാമാന്യ ധൈര്യവും യുദ്ധവീര്യവും കാഴ്ചവെച്ചതായി വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ അമർപ്രീത് സിംഗ് പറഞ്ഞു. രാജ്യത്തിനാകെ ഇത് അഭിമാനം പകർന്നു. ഗാസിയാബാദിലെ ഹിൻഡൻ എയർബേസിൽ വ്യോമസേനയുടെ 93-ാം വാർഷികാഘോഷ ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. സംഘർഷ മേഖലയിൽ നിന്ന് പൗരന്മാരെ ഒഴിപ്പിക്കാനും ഓപ്പറേഷൻ സിന്ദൂർ കാലയളവിൽ, വ്യോമസേന പ്രാധാന്യം നൽകിയതായി എയർ ചീഫ് മാർഷൽ പറഞ്ഞു.

✪✪✪

ഹിമാചൽ പ്രദേശിലെ ബിലാസ്പൂർ ജില്ലയിലുണ്ടായ ബസ് അപകടത്തിൽ 15 പേർ മരിച്ചു. രണ്ട് പേർക്ക് പരിക്കേറ്റു. ഒരു കുട്ടിയെ കാണാതായതായും റിപ്പോർട്ടുണ്ട്. രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടരുകയാണ്.

ഭല്ലുപുലിന് സമീപം കുന്നിൻ നിന്ന് പാറകളും മണ്ണും ഇടിഞ്ഞ് വീണ് സ്വകാര്യ ബസ് പൂർണ്ണമായി മൂടിപ്പോയി. ഡ്രൈവറും കണ്ടക്ടറും മരിച്ചവരിൽ ഉൾപ്പെടുന്നു. സംഭവസമയത്ത് 17 യാത്രക്കാരാണ് ബസിലുണ്ടായിരുന്നത്. എട്ട് വയസ്സുള്ള കുട്ടിയെ കാണാതായതായി സംശയിക്കുന്നു.

✪✪✪

ഹിമാചൽപ്രദേശിലെ ബിലാസ്പൂരിൽ മണ്ണിടിച്ചിലിനെ തുടർന്നുണ്ടായ ബസ് അപകടത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവർ ദുഃഖമറിയിച്ചു. പരിക്കേറ്റവർ എത്രയും വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്ന് രാഷ്ട്രപതി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപയും, പരിക്കേറ്റവർക്ക് 50,000 രൂപയും കേന്ദ്രഗവൺമെന്റ് ധനസഹായം പ്രഖ്യാപിച്ചു.

✪✪✪

ബസ് അപകടത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവർ ദുഃഖമറിയിച്ചു. പരിക്കേറ്റവർ എത്രയും വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്ന് രാഷ്ട്രപതി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപയും, പരിക്കേറ്റവർക്ക് 50,000 രൂപയും കേന്ദ്രഗവൺമെന്റ് ധനസഹായം പ്രഖ്യാപിച്ചു.

✪✪✪

കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം PM വികാസ് പദ്ധതിയിൽ നടപ്പാക്കുന്ന നൈപുണ്യ പരിശീലന പരിപാടിയുടെ ധാരണാ പത്രം പാലക്കാട് IIT യുമായി ഒപ്പ് വച്ചു. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ, മുഖ്യാഥിതിയായി പങ്കെടുത്തു. 2047 ൽ ഭാരതത്തെ ഒരു വികസിത രാജ്യമാക്കുക എന്ന പ്രധാനമന്ത്രിയുടെ ലക്ഷ്യത്തിന് വേഗം പകരുന്നതാണ് രാജ്യത്ത് നടപ്പാക്കുന്ന ഇത്തരം നൈപുണ്യ പരിശീലന പരിപാടികളെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിൽ മൂന്ന് സാങ്കേതിക സ്ഥാപനങ്ങളിലായി 1500 ലധികം വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നും മന്ത്രി പറഞ്ഞു.

കേന്ദ്ര ന്യൂനപക്ഷകാര്യ സെക്രട്ടറി ഡോ. ചന്ദ്രശേഖർ കുമാർ IIT ഡയറക്ടർ പ്രൊഫ. A. ശേഷാദ്രി ശേഖർ തുടങ്ങിയവർ പങ്കെടുത്തു. പാലക്കാട് IIT യുടെ കീഴിൽ 400 വിദ്യാർത്ഥികൾക്കാണ് പദ്ധതി പ്രകാരം നൂതന സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകുന്നത്.

കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ കൊച്ചി സിഫ്നെറ്റിലെ ഫിഷിംഗ് ടെക്നോളജി എക്സിബിഷൻ ഹാളും, സ്മാർട്ട് ക്ലാസ് മുറിയും ഉച്ചകഴിഞ്ഞ് ഉദ്ഘാടനം ചെയ്യും.

✪✪✪

രാജ്യവ്യാപകമായി സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സംഘടിപ്പിക്കുന്ന നൂതനാശയ പ്രോത്സാഹന പരിപാടി 'വികസിത് ഭാരത് ബിൽഡത്തൺ 2025' രജിസ്ട്രേഷൻ, വിദ്യാഭ്യാസ മന്ത്രാലയം ഈ മാസം 11 വരെ നീട്ടി. അടൽ ഇന്നൊവേഷൻ മിഷൻ, നീതി ആയോഗ് എന്നിവയുമായി ചേർന്നാണ് സംരംഭം. വിക്സിത് ഭാരത് @2047 എന്ന ദർശനത്തിലേക്ക് ചരിത്രപരമായ ചുവടുവയ്പ്പു കൂടിയാണിത്.

✪✪✪

നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം അതിരുവിട്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കുറ്റപ്പെടുത്തി. ആവശ്യങ്ങളുന്നയിക്കാതെ സഭാനടപടികൾ തടസ്സപ്പെടുത്തുന്നത് ചർച്ചകളെ ഭയക്കുന്നതു കൊണ്ടാണെന്നും മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞു.

സ്പീക്കറുടെ അനുമതിയോടുകൂടി സഭാ നടപടികൾക്കനുസൃതമായി ആവശ്യങ്ങൾ ഉന്നയിക്കുന്നതിനു പകരം ബഹളമുണ്ടാക്കുന്നത് അപലപനീയമാണെന്നും മുഖ്യമന്ത്രി കുറ്റപ്പെടുത്തി. ഗവൺമെന്റ് ഒരു ചർച്ചയെയും ഭയക്കുന്നില്ലെന്നും ഹൈക്കോടതിയുടെ പരിഗണനയിലാണ് ശബരിമല വിഷയമെന്നും അദ്ദേഹം പറഞ്ഞു.

പ്രതിപക്ഷാംഗങ്ങൾ വാച്ച് ആൻഡ് വാർഡിനെ ശാരീരികമായി നേരിടാൻ ശ്രമിച്ചത് അപമാനകരമാണ്. വസ്തുതകളെ ഭയപ്പെടുന്ന പ്രതിപക്ഷം സ്പീക്കറുടെ നിർദ്ദേശങ്ങൾ പാലിക്കാതെ നിസ്സഹകരിക്കുന്നത് ശരിയല്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

കൊച്ചി മെട്രോ രണ്ടാം ഘട്ട നിർമ്മാണം പുരോഗമിച്ചുവരികയാണെന്നും, മറ്റു സ്ഥലങ്ങളിലേക്ക് മെട്രോ ദീർഘിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. കാക്കനാട് ഇൻഫോ പാർക്ക് വഴി, സ്മാർട്ട് സിറ്റി വരെ 11.2 കി.മീറ്ററാണ് ഇപ്പോൾ നിർമ്മിക്കുന്നത്.

തിരുവനന്തപുരം, കോഴിക്കോട് മെട്രോ റെയിൽ പദ്ധതിയുടെ നിർവ്വഹണത്തിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കായി 2017 ലെ പുതുക്കിയ മെട്രോ

നയത്തിന് അനുസൃതമായി അവർ തയ്യാറാക്കിയ സമഗ്ര മൊബിലിറ്റി പ്ലാൻ, ആൾട്ടർനേറ്റീവ് അനാലിസിസ് റിപ്പോർട്ട് എന്നിവ ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇവ അംഗീകരിച്ചശേഷം കേന്ദ്രാനുമതിയോടുകൂടി DPR അന്തിമമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുമെന്നും മുഖ്യമന്ത്രി നിയമസഭയെ അറിയിച്ചു. PV ശ്രീനിജന്റെ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം.

✪✪✪

സംസ്ഥാനത്തെ 70 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് 2,403 കോടി 42 ലക്ഷം രൂപ സംസ്ഥാന ഗവൺമെന്റ് അനുവദിച്ചതായി മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. നിലമ്പൂർ യാർഡ് ഗേറ്റിലെ അടിപ്പാത പ്രവൃത്തി പൂർത്തീകരിച്ചെന്നും, കോഴിക്കോട് വെള്ളയിലെ അടിപ്പാത ടെണ്ടറിങ് ഘട്ടത്തിലാണെന്നും അദ്ദേഹം നിയമസഭയിൽ അറിയിച്ചു. പഴയങ്ങാടി അടിപ്പാത നിർമ്മാണത്തിന് ഏഴ് കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി നിയമസഭയിൽ പറഞ്ഞു.

✪✪✪

ശബരിമലയിലെ സ്വർണ്ണം കാണാതായ വിഷയത്തിൽ പ്രതിപക്ഷം നിയമസഭയിലും പുറത്തും പ്രതിഷേധം ശക്തമാക്കുമെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ അറിയിച്ചു. പ്രതിപക്ഷത്തെ ഭീഷണിപ്പെടുത്താൻ മുഖ്യമന്ത്രി ശ്രമിക്കേണ്ടെന്നും സതീശൻ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ശബരിമലയിലെ സ്വർണ്ണപ്പാളി വിഷയത്തിൽ വിശദമായ അന്വേഷണം വേണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിമന്ത്രിയുടെ വസതിയിലേക്ക് BJP യുടെ നേതൃത്വത്തിൽ പ്രതിഷേധ മാർച്ച് ആരംഭിച്ചു. BJP സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ മാർച്ച് ഉദ്ഘാടനം ചെയ്തു. നാളെ BJP കളക്ട്രേറ്റ് മാർച്ചുകളും നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

✪✪✪

ശബരിമലയിലെ സ്വർണ്ണപ്പാളി വിഷയത്തിൽ പത്തനംതിട്ടയിൽ യുവമോർച്ച പ്രവർത്തകർ ദേവസ്വം ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു. ബാരിക്കേഡ് തകർക്കാൻ ശ്രമിച്ച പ്രവർത്തകർക്കെതിരെ പൊലീസ് ജലപീരങ്കി പ്രയോഗിച്ചു.

✪✪✪

ഭൂട്ടാനിൽ നിന്ന് ആഢംബര വാഹനങ്ങൾ വാങ്ങിയ സിനിമാ താരങ്ങളുടെ വീടുകൾ അടക്കം 17 സ്ഥലങ്ങളിൽ എൻഫോഴ്സ്മെന്റ് വകുപ്പിന്റെ പരിശോധന തുടരുന്നു. അഞ്ച് ജില്ലകളിലെ വാഹന ഡീലർമാരുടെ വീടുകളിലും പരിശോധന നടക്കുന്നുണ്ട്. കോഴിക്കോട് തൊണ്ടയാട്ടെ ആഡംബര കാർ ഡീലർ ഷോറൂമിലും പരിശോധന പുരോഗമിക്കുകയാണ്.

ഇന്ത്യയിലേക്ക് ഭൂട്ടാൻ, നേപ്പാൾ റൂട്ടുകളിലൂടെ ആഡംബര കാറുകളുടെ നിയമവിരുദ്ധ ഇറക്കുമതിയും, രജിസ്ട്രേഷനും നടത്തുന്ന സിൻഡിക്കേറ്റിനെ കുറിച്ച് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് റെയ്ഡ്. എറണാകുളം, തൃശൂർ, കോഴിക്കോട്, മലപ്പുറം, കോട്ടയം, കോയമ്പത്തൂർ എന്നിവിടങ്ങളിലാണ് പരിശോധന.

✪✪✪

തിരുവനന്തപുരം മ്യൂസിയം മൃഗശാലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വന്യജീവി വാരാഘോഷത്തിന്റെ സമാപന സമ്മേളനം മന്ത്രി J. ചിഞ്ചുറാണി വൈകിട്ട് ഉദ്ഘാടനം ചെയ്യും. ഈ മാസം രണ്ടിന് ആരംഭിച്ച വാരാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച മത്സരങ്ങളിലെ വിജയികൾക്ക് ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്യും.

✪✪✪

സ്വർണവില 90,000 രൂപ കടന്നു. പവന് 840 രൂപ വർധിച്ച് 90,320 ആയി. 11,290 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കോഴിക്കോട്, വയനാട് എന്നീ ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മീൻപിടുത്തതിന് വിലക്കേർപ്പെടുത്തി.

✪✪✪

വനിതാ ലോകകപ്പ് ഏകദിന ക്രിക്കറ്റിൽ ഇന്ന് ഓസ്ട്രേലിയ, പാകിസ്ഥാനെ നേരിടും. കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

സീനിയർ വിമൻസ് ടി-20 ട്രോഫി ക്രിക്കറ്റിന് ഇന്ന് പഞ്ചാബിൽ തുടക്കമാകും. 19 വരെയാണ് കേരളത്തിന്റെ മത്സരങ്ങൾ. ഉത്തർപ്രദേശുമായാണ് കേരളത്തിന്റെ ആദ്യ മത്സരം. ഇന്ത്യൻ ടീമംഗങ്ങളായ സജന സജീവനും, ആശ S ഉം ടീമിലുണ്ട്. സജനയാണ് ടീം ക്യാപ്റ്റൻ.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ രാത്രിയിലും പോസ്റ്റ്മോർട്ടത്തിന് സൗകര്യം ഏർപ്പെടുത്തണമെന്ന ആവശ്യം പരിശോധിച്ച് 15 ദിവസത്തിനകം റിപ്പോർട്ട് നൽകാൻ മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K.ബൈജുനാഥ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ടാണ് രാത്രിയിൽ പോസ്റ്റ്മോർട്ടം നടത്താൻ കഴിയാത്തതെന്നാണ് അധികൃതരുടെ നിലപാട്. ഈ മാസം 28 ന് കോഴിക്കോട്ടെ സിറ്റിംഗിൽ കേസ് പരിഗണിക്കും.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*NRTs: അനിൽ ചന്ദ്രൻ*
*DEO : ഷീബ*